"ഭരണഭാഷ – മാതൃഭാഷ"

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 02/06/2019

പ്രേഷിതാവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും

സർ,

വിഷയം :- പൊതുവിദ്യാഭ്യാസം – സംരക്ഷിതാധ്യാപകരുടെ പുനർവിന്യാസം– സംരക്ഷിതാധ്യാപകരെ ആവശ്യപ്പെട്ടിട്ടുള്ള സ്കൂളുകളിൽ അവരെ ലഭ്യമാക്കുന്നതു വരെ ദിനവേതനാടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നടത്തുന്നതിന് അനുമതി നൽകുന്നതു സംബന്ധിച്ച്

സൂചന :- 1) മലപ്പുറം ജില്ലയിലെ എടരിക്കോട് പി.കെ.എം.എം.എച്ച്.എസ്.എസ് മാനേജരുടെ 2-5-2019 ലെ അപേക്ഷ.
2) ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ 01-06-2019 ലെ പു.എ. കത്ത് നമ്പർ 2641/2019/NOR/M.Edn

എടരിക്കോട് പി.കെ.എം.എം ഹയർ സെക്കന്ററി സ്കൂളിൽ നിയമിക്കാൻ സംരക്ഷിതാധ്യാപകരെ നൽകണമെന്ന് അപേക്ഷിച്ചിട്ടും മലപ്പുറം വിദ്യാഭ്യാസ ഉപ ഡയറക്ടർ അധ്യാപകരെ നൽകുന്നില്ലെന്നും ഇതുമൂലം സ്കൂളിൽ കുട്ടികളുടെ പഠനം തടസ്സപ്പെടുന്നുവെന്നും ആയതിനാൽ സംരക്ഷിതാധ്യാപകരെ ലഭിക്കുന്നതുവരെ ദിനവേതനാടിസ്ഥാനത്തിൽ നിയമനം നടത്താൻ അനുവാദം നൽകണമെന്നും കാണിച്ച് സൂചനയിലെ കത്ത് വഴി മാനേജർ ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിക്കും ഈ കാര്യാലയത്തിലും അപേക്ഷ സമർപ്പിച്ചു. "സംരക്ഷിതാധ്യാപകരെ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട മാനേജർമാർക്ക് കോടതി ഉത്തരവ് മൂലം അവരെ നൽകാൻ കഴിയുന്നില്ലെങ്കിൽ ദിനവേതനാടിസ്ഥാനത്തിൽ താൽക്കാലിക നിയമനത്തിന് അനുമതി നൽകി യുക്തമായ പൊതു നിർദേശം നൽകാൻ" ബഹു. മന്ത്രി സൂചന 2 ലെ കത്ത് വഴി പൊതുവിദ്യാഭ്യാസ ഡയറക്ടറോട് നിർദേശിക്കുകയുണ്ടായി.

സംരക്ഷിതാധ്യാപകരുടെ പുനർവിന്യാസം സംബന്ധിച്ച് ബഹു. ഹൈക്കോടതിയുടെ തൽസ്ഥിതി തുടരാനുള്ള ഇടക്കാല ഉത്തരവ് നിലനിൽക്കുന്നതിനാൽ മാനേജർമാരുടെ ഇത്തരത്തിലുള്ള ആവശ്യം ഉടനടി പരിഗണിക്കാൻ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്ക് കഴിയുന്നില്ല എന്നത് വസ്തുതയാണ്.

ആയതിനാൽ, കെ.ഇ.ആർ അധ്യായം XXI ലെ 7 (1) മുതൽ 7 (4) വരെയുള്ള ചട്ടങ്ങൾ പ്രകാരമോ മറ്റ് സർക്കാർ ഉത്തരവുകൾ പ്രകാരമോ സംരക്ഷിതാധ്യാപകരെ നിയമിക്കേണ്ട തസ്തികകളിൽ നിയമിക്കാൻ എയ്ഡഡ് സ്കൂൾ മാനേജർമാർ നിയമാനുസൃതം സംരക്ഷിതാധ്യാപകരെ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ, തൽസ്ഥിതി തുടരാനുള്ള ബഹു. കോടതിയുടെ ഇടക്കാല വിധി പോലുള്ള കാരണങ്ങളാൽ അവരെ നൽകാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നിടത്തോളം കാലം പ്രസ്തുത സ്കൂളിലെ പ്രസ്തുത ഒഴിവിൽ ദിനവേതനാടിസ്ഥാനത്തിൽ താൽക്കാലിക അധ്യാപക നിയമനം നടത്താൻ അനുമതി നൽകാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാരെ ചുമതലപ്പെടുത്തുന്നു.

**File No.DPI/4747/2019-H2**

സംരക്ഷിതാധ്യാപകരെ നൽകണമെന്ന മാനേജരുടെ അപേക്ഷ ലഭിച്ചാലുടൻ തന്നെ ആവശ്യമെങ്കിൽ ഇത്തരം അനുമതി നൽകേണ്ടതും പകർപ്പ് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസറുടെ അറിവിലേക്ക് അയക്കേണ്ടതുമാണ്.

ദിനവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നതിന് അനുവാദം നൽകി സർക്കാർ കാലാകാലങ്ങളിൽ പ്രസിദ്ധീകരിക്കുന്ന പൊതു ഉത്തരവിന് വിധേയമായി മാത്രമേ മേൽപറഞ്ഞ അനുമതി നൽകാവൂ . ഇത്തരത്തിൽ നിയമനം നടത്താൻ അനുമതി നൽകുന്നതിനു മുൻപ് മാനേജർ നിയമാനുസൃതം സംരക്ഷിതാധ്യാപകരെ ആവശ്യപ്പെട്ടിട്ടുണ്ട് എന്ന കാര്യം പ്രത്യേകം ഉറപ്പാക്കേണ്ടതാണ്.

നിയമനത്തിനായി സംരക്ഷിതാധ്യാപകരെ ആവശ്യപ്പെടാതെ അത്തരം ഒഴിവുകളിൽ മാനേജർമാർ പുതിയ നിയമനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ അവ അംഗീകാരത്തിനായി പരിഗണിക്കാവുന്നതല്ല എന്ന വിവരവും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

Signature valid
Digitally signed by JESSY JOSEPH
Date: 2019.06.02 [illegible]:42:05 PDT
Reason: Approved

**JESSY JOSEPH**
**ADDITIONAL DIRECTOR(GEN)**
(പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി)

പകർപ്പ് :- എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (അറിവിലേക്കായി).

ghs muttom blog